588922

**D 113865** (Pages : 3) Name.......................................

Reg. No...................................

## FIRST SEMESTER (CBCSS–UG) DEGREE EXAMINATION, NOVEMBER 2024

(B.A./B.Sc.)

Malayalam

MAL 1A07 (1)—MALAYALA SAHITHYAM – I

(2019–2023 Admissions)

Time : Three Hours Maximum : 80 Marks

### Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1. "പാരിച്ചുചാടിനാൻ ചാരത്തെവാരിയിൽ

   വേരറ്റമേരുക്കുന്നെന്നപോലെ"

   –സൂചിതം എന്ത് ?

2. ലക്ഷ്മണന് സുമിത്ര നൽകുന്ന ഉപദേശം എന്താണ് ?

3. "ശിശിരാചലപതി തന്നുടെ മകളെ

   ശിശു ശശി ചൂഡനുവേൾപ്പാൻ നൽകി"

   –വിവക്ഷിതം വ്യക്തമാക്കുക.

4. "കുങ്കുമത്തിന്റെ ഗന്ധമറിയാതെ

   കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം"

   –ആശയം എന്ത് ?

5. ഉണ്ണിയാർച്ച കണ്ട സ്വപ്നം എന്താണ് ?

6. "കരൾ കത്തിക്കരിഞ്ഞുപോണിതാ എൻജീവ് !" സൂചിതം വ്യക്തമാക്കുക.

7. "ചിലർക്ക് രത്നങ്ങൾ കൈക്കുള്ളിൽ വയ്ക്കാനല്ല ദൂരെവച്ചു കണ്ടു കൊണ്ടിരിക്കാനായിരിക്കും ഇഷ്ടം" –വിവക്ഷിതം എന്ത് ?

8. കുഞ്ഞിക്കാവമ്മയ്ക്ക് വിധവയായ ശേഷവും ജീവിക്കാൻ ബുദ്ധിമുട്ടുണ്ടാവാത്തതിന് എന്താണ് കാരണം ?

9. "ഘരെ ബായ്‌രെ" ആരുടെ കഥയെ ആസ്പദമാക്കി ആര് സംവിധാനം ചെയ്ത ബംഗാളി ചിത്രമാണ് ?

Turn over

588922

588922



10. "എന്റെ സ്നേഹം സ്വാഭാവിക വളർച്ച മുരടിപ്പിച്ച ഒരു കുള്ളൻ അരയാൽ പോലെ"–ഇപ്രകാരം പറയാനുള്ള കാരണമെന്ത് ?
11. "ശരൺ തന്നെയാണ് എല്ലാ ദിവസവും അവരുടെ കാര്യം വന്നു പറയാറുള്ളത്–എന്ത് കാര്യം ?
12. 'എന്തു തന്റെ തീണ്ടലാണ് ' എന്ന് നാടൻപാട്ട് ലക്ഷ്യം വയ്ക്കുന്നതെന്താണ് ?
13. "നമ്മൾ മനുഷ്യരല്ലേ, മണ്ണു കൊണ്ടുണ്ടാക്കിയതല്ലേ"–വിവക്ഷിതം വെളിവാക്കുക.
14. "അവിടെ പോകാൻ പാടില്ല. ഉമ്മയുടെ കല്പനയാണ്"–എവിടെ ? എന്തുകൊണ്ട് ?
15. "രണ്ട് പാഴ്ച്ചെടികൾ ഒട്ടിച്ചാൽ ഒട്ടും എന്നുറപ്പില്ല–സൂചിതം എന്ത് ?

(25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35 .

16. കൃഷ്ണൻ, കാളിയനെ മർദ്ദിക്കാനുള്ള കാരണമെന്ത് ?
17. വനവാസത്തിനു പോകുന്ന രാമനെ കണ്ടപ്പോൾ പൗരജനങ്ങളുടെ പ്രതികരണം എപ്രകാരമാണെന്ന് വിശദമാക്കുക.
18. "ഇങ്ങനെയുള്ള വനവനിതലങ്ങളി-
    ലെങ്ങാനും പുനരുണ്ടെന്നാകിൽ
    അവനെ വരുത്തുവിനാദരവോടെ "
    –പരാമർശം എന്താണ് ?
19. ഉണ്ണിയാർച്ചയും ഭർത്തൃമാതാവും തമ്മിലുള്ള സംഭാഷണം സംഗ്രഹിക്കുക.
20. "മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു
    മത്സരിക്കുന്നതെന്തിനു നാം വൃഥാ"
    –ആശയം വെളിവാക്കുക.
21. നാടൻപാട്ടിന്റെ സവിശേഷതകൾ വിവരിക്കുക.
22. 'ഉള്ളുരുക്കം' എന്ന കഥയുടെ ശീർഷകം സാർത്ഥമാകുന്നതെങ്ങനെ ?
23. "പക്ഷേ ആ കണ്ണുനീർ ദുഃഖത്തിന്റേതായിരുന്നില്ല. താൻ പിടിപ്പിച്ച ഒട്ടു ചെടിയുടെ വീറിനെക്കുറിച്ചോർത്തപ്പോൾ തോന്നിയ ആനന്ദം"–ആശയം വിശദമാക്കുക.

(35 marks)

588922

588922



## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. "മനുഷ്യ ജീവിത സത്യങ്ങളെയും തത്ത്വങ്ങളെയും സരളമായി പ്രതിപാദിക്കുന്ന കാവ്യമാണ് ജ്ഞാനപ്പാന" –പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

25. നിസ്വാർത്ഥമായ സ്ത്രീ മനസ്സിന്റെ ഉദാത്ത മാതൃക അനാവരണം ചെയ്യുന്ന കഥയാണ് 'രാച്ചിയമ്മ'–പരിശോധിക്കുക.

26. "പ്രതിരോധവും പ്രതിഷേധവും സാമൂഹിക വ്യവസ്ഥകളോടുള്ള ചോദ്യം ചെയ്യലുമാണ് നാടൻ പാട്ടുകൾ" –പാഠ്യഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

27. വേറിട്ടു നിൽക്കുന്ന സ്ത്രീപക്ഷ ചിന്തയുടെ ആവിഷ്കാരമാണ് 'ഡബിൾ ആക്ട്'–വിശകലനം ചെയ്യുക.

(2 × 10 = 20 marks)

1105 1105 1105

588922

459694

**D 53615** (Pages : 3) Name.......................................

Reg. No..................................

**FIRST SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2023**

(B.A./B.Sc.)

Malayalam

MAL 1A07 (1)—MALAYALA SAHITHYAM – I

(2019–2023 Admissions)

Time : Two Hours and a Half Maximum : 80 Marks

**Section A**

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.

(2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25).

1 "ജീവനും കൂടാതെ കേവലം ഭൂമിയിൽ
പാവകൾ വീണുകിടക്കും പോലെ"
–സൂചിതം വ്യക്തമാക്കുക.

2 "പിന്നെയയോദ്ധ്യയെന്നോർത്തീടടവിയെ "–വിവക്ഷിതം എന്ത് ?

3 "എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു മോഹവും"
–ആശയം വെളിവാക്കുക.

4 "ലക്ഷം മാനുഷർ കൂടുമ്പോളതിൽ
ലക്ഷണമുള്ളവരൊന്നോരണ്ടോ"
–സൂചിതം എന്താണ് ?

5 'എന്തു തന്റെ തീണ്ടലാണ്'–എന്ന നാടൻ പാട്ടിൽ പാക്കനാരുടെ ചോദ്യത്തിന്റെ പ്രസക്തിയെന്താണ് ?

6 "പുത്തൂരം വീട്ടിലെ പെണ്ണുങ്ങളും
പാണനെ തുണകൂട്ടി പോയിട്ടില്ല"
–ആരാണ് ഇപ്രകാരം പറയുന്നത് ? എന്തു കൊണ്ട് ?

7 കത്തുപാട്ടിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

8 കുഞ്ചു എങ്ങനെയാണ് മനയ്ക്കലെ ആനക്കാരനായത് ?

**Turn over**

459694

1105

459694



9 "പരസ്പരം മതിപ്പുള്ളവർ തമ്മിൽ വിവാഹം പാടില്ലെന്ന അഭിപ്രായക്കാരിയാണ് ഞാൻ"—ആരാണ് ഇപ്രകാരം പറയുന്നത് ? എന്തുകൊണ്ട് ?

10 കുട്ടിക്കാലത്ത് പഠിച്ചവരി ഞാൻ ഓർത്തു: 'ഇവളെ പേടിച്ചാരും നേർവഴി നടപ്പീല'—പരാമർശമെന്താണ് ?

11 തുള്ളൽ എത്രവിധം? ഏതൊക്കെ ?

12 "നിങ്ങളൊക്കെ അല്ലേ, എന്നെ ബംഗ്ലാഭാഷ പഠിപ്പിച്ചത്. നിങ്ങളുടെ ദു:ഖത്തിലൂടെയല്ലേ ഞാൻ ആ ഭാഷ പഠിച്ചത് "—വിവക്ഷിതം എന്താണ് ?

13 'ഘരെ ബായ്‌രെ' ആരുടെ കഥയെ ആസ്പദമാക്കി ആര് സംവിധാനം ചെയ്ത ബംഗാളി ചിത്രമാണ് ?

14 "ഇരുമ്പു പാളികൾ ചേർത്തടച്ച് ഗേറ്റിനപ്പുറം താൻ പുറത്താക്കിയത് ഇഷ്ടങ്ങളുടെ ഒരു രാജ്യത്തെയാണ് "—ഇപ്രകാരം ചിന്തിക്കാനുണ്ടായ കാരണമെന്ത് ?

15 "അവിടെ പോകാൻ പാടില്ല. ഉമ്മയുടെ കല്പനയാണ് "—എവിടെ ? എന്തു കൊണ്ട് ?

(25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35.

16 'കാളിയമർദ്ദന'ത്തിലെ വർണ്ണനാപാടവം വ്യക്തമാക്കുക.

17 "കേകയപുത്രിക്കു രണ്ടുവരം നൃപ-

നേകിനാൻ പോലതുകാരണം രാഘവൻ

പോകുന്നിതു വനത്തിന്നു"

—ആശയം വെളിവാക്കുക.

18 "വേദാന്ത ചിന്തകൾ സാധാരണക്കാരന്റെ ജീവിതാനുഭവങ്ങളോടിട കലർത്തിയാണ് 'ജ്ഞാനപ്പാന'യിൽ വർണ്ണിക്കുന്നത് "—ശരിയോ ?

19 തന്റെ മകൾക്ക് എന്തൊക്കെ ഗുണഗണങ്ങളുള്ള ഭർത്താവ് വേണമെന്നാണ് ഭീഷ്മകൻ അഭിപ്രായപ്പെടുന്നത് ?

20 ഉണ്ണിയാർച്ച, ഭർതൃപിതാവിനോട് തനിയ്ക്കും കാഴ്ചയും വേലയും കാണണമെന്ന് ആവശ്യപ്പെട്ടപ്പോൾ നൽകിയ മറുപടി എന്തായിരുന്നു ?

21 "ഭർത്താവിന്റെ ആവശ്യം അതിൽക്കവിഞ്ഞറിയാനും മാത്രം എന്റെ സ്ത്രീത്വം വളർന്നിട്ടില്ല ; വളരുന്ന ലക്ഷണവുമില്ല"—ആരാണ് ഇപ്രകാരം പറയുന്നത് ? എന്തു കൊണ്ട് ?

22 "പൊന്നണിഞ്ഞു മതിയും കൊതിയും തീർന്നവരാണ് അവർ. അവരുടെ പെട്ടിയിലിപ്പെഴും കാണും നൂറു പവന്റെ ഉരുപ്പടി "—സന്ദർഭം വിശദമാക്കുക.

23 രാച്ചിയമ്മ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

(35 marks)

459694

459694



## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 ഉത്തരവാദിത്ത ബോധവും പ്രായോഗിക ബുദ്ധിയും ചേർന്നു സഫലമാക്കിയ മനുഷ്യ സ്നേഹത്തിന്റെ കഥയാണ് 'ഒട്ടുചെടി'–വിശദമാക്കുക.

25 തത്ത്വജ്ഞാനത്തെ സരളമായി പ്രതിപാദിക്കുന്ന കൃതിയാണ് 'ജ്ഞാനപ്പാന'. പാഠഭാഗത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

26 'തന്തത്താഴ്' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

27 'സ്ത്രീത്വത്തിന്റെ കരുത്തും നിശ്ചയദാർഢ്യവുമാണ് 'ഉണ്ണിയാർച്ച കൂത്തു കാണാൻ പോയ' സംഭവത്തിൽ അനാവരണം ചെയ്യപ്പെടുന്നത് –പരിശോധിക്കുക.

(2 × 10 = 20 marks)

459694

**D 32316** **(Pages : 2)** **Name..................................**

**Reg. No..................................**

**FIRST SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2022**

Malayalam B.A./B.Sc.

MAL 1A 07 (1)—MALAYALA SAHITHYAM – I

(2019–2022 Admissions)

Time : Two Hours and a Half Maximum : 80 Marks

**Section A**

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25.

1 "കാർമുകിൽ വർണ്ണന്താനുള്ളിലെ ചിന്തിച്ചാൻ"—എന്താണ് ചിന്തിച്ചത് ?

2 കൃഷ്ണഗാഥയിൽ ഉപയോഗിച്ചിരിക്കുന്ന പ്രധാന അലങ്കാരങ്ങൾ ഏതെല്ലാം ?

3 പൂന്താനം നമ്പൂതിരിയുടെ പ്രധാനകൃതികൾ ഏതെല്ലാം ?

4 കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

5 മലയാള കവിതാ സാഹിത്യചരിത്രം ആരുടെ കൃതിയാണ് ?

6 വടക്കൻപാട്ടുകളിലെ പ്രധാന വിഭാഗങ്ങൾ ഏതെല്ലാം ?

7 "ബല്ലാരിക്കുടനെ ഞാൻ വരാം, ഒട്ടുവഴിയുണ്ടോ

വല്ലികൾക്കവിടേക്ക് വരാൻ പാടുണ്ടോ"

—ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

8 കുഞ്ചുനായർ അമ്പാടി മനയ്ക്കലെ ആനക്കാരനായതെങ്ങനെ ?

9 'ഡബിൾ ആക്റ്റ്' എന്ന കഥയിലെ കഥാപാത്രങ്ങൾ ആരെല്ലാം ?

10 'നമ്മുടെ ആങ്ങള ചത്തതിനുശേഷം സുഖം തോന്നിയത് നിങ്ങളെ കണ്ടപ്പോഴാണ്'—സൂചിതമെന്ത് ?

11 'മക്കൾ അമ്മമാരുടെ ഉടമസ്ഥരാണ് എന്ന് ഏറ്റവും ഉറച്ച് വിശ്വസിക്കുന്നവരിൽ മുമ്പൻ'—ആര് ? സന്ദർഭമെന്ത് ?

12 'ഇന്നുമുതൽ നീ മൈഥിലി പരമാണിക് അല്ല മൈഥിലി ഗരാമി'—സന്ദർഭം വ്യക്തമാക്കുക.

13 'അങ്ങനെ സ്വപ്നവും കണ്ടു പെണ്ണ്—ആര് ? കണ്ട സ്വപ്നം എന്ത് ?

14 'പച്ചിരുമ്പിന്റെ ആ താഴ് പിടിച്ച് അമ്മ പറഞ്ഞു. എന്താണ് അമ്മ പറഞ്ഞത് ?

15 "പോക നാമെങ്കിൽ വനത്തിനു കൂടവേ

രാഘവൻ തന്നെ പിരിഞ്ഞാൽ പൊറുക്കുമോ ? സന്ദർഭം വിശദമാക്കുക.

(25 marks)

**Turn over**

313802



## Section B

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35.

16 മനുഷ്യന്റെ ധനാർത്തിയെ പൂന്താനം വിമർശനവിധേയമാക്കുന്നതെങ്ങനെ ?

17 "രാമനെ നിത്യം ദശരഥനെന്നുള്ളി-

ലാമോദമോടു നിരൂപിച്ചു കൊള്ളണം"

–ഈ വരികളുടെ പ്രാധാന്യം വിലയിരുത്തുക.

18 നാടൻപാട്ടിന്റെ സവിശേഷതകൾ എന്തെല്ലാം ?

19 'മറിയക്കുട്ടിയുടെ കത്ത്' എന്ന കത്തുപാട്ടിന്റെ സാമൂഹിക പ്രസക്തി വിലയിരുത്തുക.

20 "നമ്മൾ മനുഷ്യരല്ലേ. മണ്ണു കൊണ്ടുണ്ടാക്കിയതല്ലല്ലോ" ഈ വാക്കുകളുടെ പൊരുളും പ്രസക്തിയും വിശദമാക്കുക.

21 'ആളുകളുടെ ഈ സംശയം കാരണം ഞാൻ നല്ലപോലൊരു ആത്മപരിശോധന നടത്തി നോക്കി'–ആര് ? സന്ദർഭം വ്യക്തമാക്കുക.

22 "ഒരുത്തിക്കും ഇമ്മാതിരി വിധി കൊടുക്കല്ലേ പടച്ചോനേ. ഈ സൂക്കേട് കൊടുക്കല്ലേ റബ്ബേ. ന്റെ മക്കളെ കാക്കണേ തമ്പുരാനേ"–ഈ വാക്കുകളിൽ നിഴലിക്കുന്ന മാനസിക സംഘർഷവും ധർമ്മസങ്കടവും വിവരിക്കുക.

23 "സംഘർഷഭരിതമായ സ്ത്രീമനസ്സിനെ ആവിഷ്കരിക്കുന്ന കഥയാണ് ഘരെ ബായ്രെ"–വിശദമാക്കുക.

(35 marks)

## Section C

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 ചെറുശ്ശേരിക്കവിതയുടെ സവിശേഷതകൾ 'കാളിയമർദ്ദനം' എന്ന പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

25 "തീവ്രയാഥാർത്ഥ്യങ്ങളിലൂടെയുള്ള സഞ്ചാരങ്ങളാണ് പ്രമോദ് രാമന്റെ കഥകൾ"–തന്തത്താഴ് എന്ന കഥയെ ആസ്പദമാക്കി വിശദീകരിക്കുക.

26 "സ്ത്രീത്വത്തിന്റെ വ്യത്യസ്ത ഭാവങ്ങളെ അനാവരണം ചെയ്യുന്ന കഥയാണ് രാച്ചിയമ്മ"–ചർച്ച ചെയ്യുക.

27 വടക്കൻ പാട്ടുകളുടെ സവിശേഷതകൾ ഉണ്ണിയാർച്ച കൂത്തു കാണാൻ പോയ കഥയുടെ പശ്ചാത്തലത്തിൽ വിവരിക്കുക.

(2 × 10 = 20 marks)

313802

**D 13554** **(Pages : 3)** **Name.......................................**

**Reg. No...................................**

## FIRST SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2021

Malayalam (B.A./B.Sc.)

MAL 1A 07 (1)—MALAYALA SAHITHYAM I

(2019–2020 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 25.

1. ചെറുശ്ശേരി ആരുടെ സദസ്യനായിരുന്നു ? കൃഷ്ണഗാഥയുടെ രചനയ്ക്ക് കാരണമായ സംഭവമെന്ത് ?
2. ദശരഥൻ കൈകേയിക്ക് രണ്ടു വരം നൽകാനിടയായ സാഹചര്യം എന്തായിരുന്നു ?
3. "എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
   മണ്ടിമണ്ടിക്കരേറുന്നു മോഹവും"
   —ആശയം സൂചിപ്പിക്കുക.
4. 'ഇന്നിതു തോന്നുവാനെന്തൊരു കാരണം'? ആര് ? സന്ദർഭമേത് ?
5. മത്സ്യമുള്ള നീറ്റില് കുളിക്കാമോ ? കുടിക്കാമോ ? എന്താണ് ഇവിടെ ഉദ്ദേശിക്കുന്നത് ?
6. മറിയക്കുട്ടിയുടെ കത്ത് ആരുടെ രചനയാണ് ?അതിന്റെ പ്രസക്തിയെന്ത് ?
7. എൻ.പി. മുഹമ്മദിന്റെ കഥാപരിസരം ഏതാണ് ?
8. 'വൈ ഷുഡ് യു ഗിവ് ഫാൾസ് പ്രോമിസസ് ടു പീപ്പിൾ ? ആരുടെ വാക്കുകൾ ? കൃതി ഏത് ?
9. "അല്ലിത്താർ മാതുതൻ മല്ലക്കരം കൊണ്ടു
   മെല്ലെത്തലോടുന പാദങ്ങളിൽ
   പാരിച്ചു ദംശിച്ചാൻ"
   —ആര് ? സന്ദർഭമേത് ?
10. 'ഇങ്ങനെയുള്ളവരാരും മകളുടെ മംഗലകർമ്മം മോഹിക്കേണ്ട' എങ്ങനെയുള്ളവർ ?
11. 'പിന്നെയയോദ്ധ്യയെന്നോർത്തീടടവിയെ' കാവ്യ സന്ദർഭമേത് ?

**Turn over**



1105

12. 'ഓള് ഇറങ്ങിപ്പോകുന്നതു കാണാൻ എനിക്ക് ഭാഗ്യണ്ടായില. ആര് ? ഏത് കഥയിൽ നിന്നാണ് ഈ വാക്കുകൾ ?

13. 'എനിക്കു പാകമാ'. എന്ത് ? ആരാണിതു പറയുന്നത് ?

14. "ആശയായുള്ള പാശമതിങ്കേന്നു

    വേർവിടാതെ കരേറുന്നു മേൽക്കുമേൽ"

    —ആശയമെന്ത് ?

15. ഒട്ടുചെടിയിലെ പ്രമേയമെന്ത് ?

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 35.

16. നാടൻ പാട്ട് സമൂഹത്തിന്റെ പ്രതിരോധത്തിന്റെ തന്ത്രമായി പ്രവർത്തിക്കുന്നതെങ്ങനെ ?

17. "നാടകകാവ്യ പുരാണാദികളിൽ

    പാടവമവനുണ്ടായി വരേണം"

    ––സന്ദർഭം, ആശയം ഇവ വ്യക്തമാക്കുക.

18. "മാനുഷം കൊഞ്ചല്ലേ പെൺകിടാവേ

    ചൂരൽക്കോലാലേ മെഴുക്കും ഞാനേ"

    —എന്താണിവിടെ ഉദ്ദേശിക്കുന്നത് ?

19. 'ഒട്ടുചെടി' എന്ന കഥയുടെ ശീർഷകം പരിശോധിക്കുക.

20. 'മനസ്സുകളിൽ മറന്നോ കണ്ണകന്നേപ്പിന്നേ' വ്യക്തമാക്കുക.

21. കുഷ്ഠരോഗത്തിന്റെ ദൈന്യതയും അന്യവൽക്കരണവും ഉള്ളുരുക്കം എന്ന കഥയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ?

22. 'എന്റെ സ്നേഹം സ്വാഭാവിക വളർച്ച മുരടിച്ച ഒരു കൂറ്റൻ അരയാൽ പോലെ' പരാമർശമെന്ത് ? വ്യക്തമാക്കുക.

23. 'എട്ടുകാലിക്ക് നന്നായി കൂടു കൂട്ടാനറിയാം. നന്നായി കൂടു കെട്ടും. പക്ഷേ ഒരേ മാതൃകയിൽ മാത്രം" ഈ അഭിപ്രായത്തിന്റെ സാംഗത്യമെന്ത് ?

218725



**Section C**

ഏതെങ്കിലും 2 ചോദ്യങ്ങൾ 3 പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. ചെറുശ്ശേരിയുടെ വർണ്ണനാപാടവം വിലയിരുത്തുക.

25. പൂന്താനത്തിന്റെ കൽപ്പനകളിൽ തെളിയുന്ന സാമൂഹ്യാവസ്ഥയുടെ ചിത്രം വിശദമാക്കുക.

26. വടക്കൻ പാട്ടുകളുടെ സ്വഭാവ സവിശേഷതകൾ സംഗ്രഹിക്കുക.

27. പാട്ടുകളിൽ തെളിയുന്ന വ്യക്തി മനസ്സ് മറിയക്കുട്ടിയുടെ കത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുക.

($2 \times 10 = 20$ marks)

218725

152279

**D 12595** **(Pages : 3)** **Name.......................................**

**Reg. No...................................**

# FIRST SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2021

Malayalam (B.A./B.Sc.)

MAL 1A 07 (1)—MALAYALA SAHITHYAM – I

(2021 Admissions)

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

1. "തേടിച്ചിത്തരം കാട്ടി നടന്നോല്ലു – എന്നെ ഒരു
   തെമ്മാടിത്തറവാട്ടില് ജനിച്ചോല്ലു"
   —സാരസ്യം എഴുതുക.
2. 'തൊട്ടു തീണ്ട്യാല് കറുക്കുമോ വെളുക്കുമോ' ആരുടെ ചോദ്യം ? വിവക്ഷിതം വ്യക്തമാക്കുക.
3. "അച്ഛനും അമ്മയും അടിച്ചിട്ടില്ല
   കുരുക്കളും എന്നെ അടിച്ചിട്ടില്ല"
   —ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?
4. 'പൃഥ്വീശചിത്തം കഠോരമത്രേ തുലോം'—വിവക്ഷിതം വ്യക്തമാക്കുക.
5. "പീയൂഷം കൊണ്ടു തളിച്ചു തളിച്ചു നി-
   ന്നായാസം പോക്കിനാൻ മെല്ലെ മെല്ലെ"
   —ആര് ? സന്ദർഭം എഴുതുക.
6. "സത്യമെന്നതു ബ്രഹ്മമതുതന്നെ
   സത്യമെന്നു കരുതുന്നു സത്തുക്കൾ"
   —വിവക്ഷിതം വ്യക്തമാക്കുക.
7. "ഖേദിക്കരുതേ രുഗ്മിണി നിന്മതി-
   മോദിക്കേണമടുത്തു വിവാഹം"
   —ആരുടെ വാക്കുകൾ ? സന്ദർഭം വ്യക്തമാക്കുക.

**Turn over**

152279

152279



8. 'ഒരായുഷ്കാലത്തു തന്നെ കണ്മുമ്പിൽ രണ്ടു ജന്മം കണ്ടവരാണ് ' ആരെക്കുറിച്ചാണ് പരാമർശം ? വ്യക്തമാക്കുക.

9. 'ഒരു പന്തീരാണ്ടു ഇഴുകിയ ദാമ്പത്യം മണിക്കൂറുകൾ കൊണ്ടോ ?' മനുഷ്യജീവിതത്തിന്റെ പ്രവചനാതീതമായ അവസ്ഥ വ്യക്തമാക്കുന്ന ഈ സംഭവം വിവരിക്കുക.

10. 'അങ്ങനെയാ ഞാൻ മനയ്ക്കലെ ആനക്കാരനായത് ' കുഞ്ചുവമ്മാവൻ പറയുന്ന സംഭവം ഏത് ?

11. 'പന്നി പുളയുന്ന നെൽ വയലിലെന്ന പോലെ കാടിന്റെ മുകൾപ്പരപ്പിലുണ്ടായ അല വളഞ്ഞു പുളഞ്ഞു ദൂരെ മറഞ്ഞു.' വിവക്ഷിതം എഴുതുക.

12. 'പുരാണം എനിക്കറിയാം. പക്ഷേ ഈ ബ്രഹ്മാവ് എന്നുവച്ചാൽ എന്തുതരം മാവാണെന്ന് പറഞ്ഞുതരൂ ' സന്ദർഭം വ്യക്തമാക്കുക.

13. 'മക്കൾ അമ്മമാരുടെ ഉടമസ്ഥരാണ് എന്ന് ഉറച്ചു വിശ്വസിക്കുന്നവരിൽ മുമ്പൻ' ആരെക്കുറിച്ചാണ് പരാമർശം ? എന്തുകൊണ്ട് ?

14. 'ഈ ഇരുട്ടത്ത് നിൽക്കുന്നതിനേക്കാൾ വലിയ സാഹസം മറ്റൊന്നുമില്ലെന്ന് സാക്ഷി അവളെത്തന്നെ ബോധ്യപ്പെടുത്തി' എപ്പോൾ ? വ്യക്തമാക്കുക.

15. 'പ്രാർത്ഥനയെക്കാൾ അധികം ഭീഷണിയായിരുന്നു അത്. കടം കൊടുത്ത പണം മടക്കി വാങ്ങാനുപയോഗിച്ച അതേ സ്വരമായിരുന്നു' വിവക്ഷിതമെന്ത് ?

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

16. "കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കുമ്പോലെ ഗർദ്ദഭം"
–സാരസ്യം വ്യക്തമാക്കുക.

17. എഴുത്തച്ഛൻ കവിതയുടെ എന്തെല്ലാം പ്രത്യേകതകളാണ് പാഠ്യഭാഗത്തു നിന്ന് മനസ്സിലാക്കാനാവുന്നത് ? വിശദീകരിക്കുക.

18. കുഞ്ചൻ നമ്പ്യാരുടെ ഫലിത ചിത്രീകരണത്തിൽ തെളിയുന്ന ഘടകങ്ങൾ എന്തെല്ലാം ?

19. 'ആളുകളും ഞാനും രണ്ടു ലോകത്താണ് ജീവിക്കുന്നതെന്നുകൂടി എനിക്കു തോന്നിപ്പോകാറുണ്ട് ' ആരുടെ വാക്കുകൾ ? ഇങ്ങനെ പറയാൻ കാരണമെന്ത് ?

20. മറിയക്കുട്ടിയുടെ കത്ത് മാപ്പിളപ്പാട്ടിലെ വേറിട്ട ആഖ്യാനത്തിന്റെ തെളിവാണെന്ന് പറയാനാവുമോ ? വിശദമാക്കുക.

152279

152279



21. ഉണ്ണിയാർച്ച എന്ന കഥാപാത്രത്തിന്റെ ഗുണവിശേഷങ്ങൾ വിവരിക്കുക.
22. തന്തത്താഴ് എന്ന പേര് കഥയ്ക്ക് നൽകുന്ന അർത്ഥ തലങ്ങൾ വിശദീകരിക്കുക.
23. 'ലെറ്റ് അസ് ഗ്രാഫ്റ്റ് ദെം ഏന്റ് സീ ദി ഇഫക്റ്റ് ഓഫ് എ ഗ്രാഫ്റ്റെഡ് പ്ലാന്റ് ' സന്ദർഭം, സൂചിതം എന്നിവ വിശദമാക്കുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

24. കീർത്തന സാഹിത്യത്തിലെ ശ്രേഷ്ഠകൃതിയായി ജ്ഞാനപ്പാനയെ പരിഗണിക്കുന്നതിന്റെ കാരണം എന്താവാം ? വിശകലനം ചെയ്യുക.
25. ചെറുശ്ശേരിയുടെ കാവ്യരീതിയുടെ എന്തെല്ലാം പ്രത്യേകതകൾ പാഠ്യഭാഗത്തു നിന്ന് മനസ്സിലാക്കാം ? വിവരിക്കുക.
26. ഘരെ ബായ് രെ എന്ന കഥയിലെ വീട്ടമ്മയുടെ ധർമ്മസങ്കടങ്ങൾ അവതരിപ്പിക്കുന്നതിൽ കഥാകാരി എന്തെല്ലാം ആഖ്യാന തന്ത്രങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ? വിശകലനം ചെയ്യുക.
27. രോഗവും വാർദ്ധക്യവും ഒറ്റപ്പെടലും പ്രമേയമാകുന്ന കഥയാണ് ഉള്ളുരുക്കം–സമർത്ഥിക്കുക.

(2 × 10 = 20 marks)

152279

**D 94072** **(Pages : 2 + 4 = 6)** **Name.......................................**

**Reg. No....................................**

## FIRST SEMESTER (CBCSS) DEGREE EXAMINATION, NOVEMBER 2020

Malayalam (B.A./B.Sc.)

MAL 1A 07 (1)—MALAYALA SAHITHYAM – 1

(2019 Admissions)

Time : Two Hours and a Half Maximum : 80 Marks.

### Section A

*Answer at least* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

1. 'ഘരെ ബായ് രെ' ആരുടെ കഥയെ അടിസ്ഥാനമാക്കിയതാണ് ? ആര് സംവിധാനം ചെയ്ത ചിത്രമാണ് ?
2. 'നിങ്ങൾ സുഖമായിരിക്കുമ്പോൾ നമ്മൾക്കു സന്തോഷം' സന്ദർഭമേത് ?
3. പുലിക്കോട്ടു ഹൈദരെപ്പറ്റി ഒരു ചെറുകുറിപ്പെഴുതുക.
4. തുള്ളൽ വിഭാഗങ്ങൾ എത്ര ? അവ ഏതെല്ലാമാണ് ?
5. "കുറ്റം കൂടാതുള്ള നരന്മാർ
   കുറയും ഭൂമിയിലെന്നുടെ താത"
   —ആരുടെ വാക്കുകൾ ? സന്ദർഭമേത് ?
6. 'മാറെടാ മാറെടാ പാക്കനാരേ മാറെടാ' എന്താണ് ഈ വരികൾ കൊണ്ടുദ്ദേശിക്കുന്നത് ?
7. എൻ.പി. മുഹമ്മദിന്റെ കഥാപരിസരം വ്യക്തമാക്കുക.
8. "ആരിതുവന്നിതെന്നാലയം തന്നിലേ
   ധീരനായ് കേവലം ചാവതിന്നായ്"
   —സന്ദർഭം, ആശയം എന്നിവ വ്യക്തമാക്കുക.
9. ചെറുശ്ശേരിയെപ്പറ്റി ചെറുകുറിപ്പ് തയ്യാറാക്കുക.
10. "പോകനാമെങ്കിൽ വനത്തിനു കൂടവേ
    രാഘവൻ തന്നെപ്പിരിഞ്ഞാൽ പൊറുക്കുമോ ?"
    —സൂചിതമെന്ത് ?
11. "സത്തുക്കൾ കണ്ടു ശിക്ഷിച്ചു ചൊല്ലുമ്പോൾ
    ശത്രുവെപ്പോലെ ക്രുദ്ധിക്കുന്നൂ ചിലർ"
    —സന്ദർഭമേത് ?

**Turn over**

12. രാച്ചിയമ്മ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.
13. ഒട്ടുചെടി എന്ന കഥയിലെ പ്രമേയം ചുരുക്കിയെഴുതുക.
14. മറിയക്കുട്ടിയുടെ കത്തിനു കാരണമെന്ത് ?
15. കിളിപ്പാട്ടു പ്രസ്ഥാനം എന്താണ് ?

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16. വടക്കൻ പാട്ടുകളുടെ നാലു സവിശേഷതകൾ എഴുതുക.
17. കെ. സരസ്വതിയമ്മയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
18. അറബിമലയാളം—കുറിപ്പ് തയ്യാറാക്കുക.
19. വനവാസത്തിനു പോകുന്ന രാമനെ കണ്ടപ്പോൾ പൌരജനങ്ങൾക്കുണ്ടായ പ്രതികരണം എന്തായിരുന്നു ?
20. തന്റെ മകൾക്ക് എങ്ങനെയുള്ള വരനെ വേണമെന്നാണ് ഭീഷ്മകൻ കുണ്ഡിനവാസികളോട് പറയുന്നത് ?
21. ''ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ

    ചത്തുപോകുന്നു പാവം ശിവ ശിവ!''

    —വിശദമാക്കുക.
22. ഇരകളായിത്തീരുന്ന പെൺജന്മങ്ങളുടെ ഭയം 'തന്തത്താഴ് 'എന്ന കഥയെ അടിസ്ഥാനമാക്കി പരിശോധിക്കുക.
23. ഖരെ ബായ് രെ—കുറിപ്പെഴുതുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

24. പൂന്താനത്തിന്റെ കൽപ്പനകളിൽ തെളിയുന്ന സാമൂഹ്യാവസ്ഥയുടെ ചിത്രം വിശദമാക്കുക.
25. മാപ്പിളപ്പാട്ടിന്റെ സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
26. ചെറുശ്ശേരിയുടെ കാവ്യഭാഷയുടെ സവിശേഷതകൾ കാളിയമർദ്ദനത്തെ ആസ്പദമാക്കി വിലയിരുത്തുക.
27. നിസ്വരും ദുഃഖിതരും ഭൌതിക ജീവിത പ്രശ്നങ്ങളാൽ ഉഴലുന്നവരുമായ ഗ്രാമീണ മനുഷ്യരുടെ ലോകം കാരൂർക്കഥകളിൽ കാണാം. മോതിരം എന്ന കഥയുടെ വെളിച്ചത്തിൽ പരിശോധിക്കുക.

(2 × 10 = 20 marks)

**D 93885** (Pages : 3) Name..............................

Reg. No..............................

Arts & Science College, Parappur. PO. Kottakkal, Malappuram

# FIRST SEMESTER (CBCSS-UG) DEGREE EXAMINATION NOVEMBER 2020

Malayalam

MAL 1A 07 (1)—MALAYALA SAHITHYAM I

(2019 Admissions)

Time : Two Hours and a Half Maximum : 80 Marks

## Section A

*Answer at least* **ten** *questions.*
*Each question carries 3 marks.*
*All questions can be attended.*
*Overall Ceiling* 30.

1. "കാനനം തന്നിലെക്കല്ലിനും പുല്ലിനും
   ആനന്ദമേറ്റം വളർത്തിനിന്നാൾ"
   —ആര് ? എപ്രകാരം ?

2. "ആരിന്നു വന്നതെന്നാലയം തന്നിലേ
   ധീരനായ് കേവലം ചാവതിന്നായ്"
   —ആരുടെ ചോദ്യം ? വിവക്ഷിതം വ്യക്തമാക്കുക.

3. "രാമനെ നിത്യം ദശരഥനെന്നുള്ളി-
   ലാമോദമോടു നിരൂപിച്ചു കൊള്ളണം"
   —ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

4. "അർത്ഥമെത്ര വളരെയുണ്ടായാലും
   തൃപ്തിയാകാ മനസ്സിന്നൊരു കാലം"
   —ആശയം വ്യക്തമാക്കുക.

5. "മരം പൂത്ത് കനി മുന്നം പറിച്ച് തിന്നെ – ഇരസം
   മനസ്സിനുള്ളില് മറന്നോ, കണ്ണകന്ന പിന്നെ ?"
   —പൊരുൾ വ്യക്തമാക്കുക.

6. "മന്നിൽ പലഗുണമുള്ളൊരു പുരുഷനു
   മന്മകളെ പ്രതിപാദിക്കേണം"
   —ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

Turn over

7. "ആ മോഹം നീയൊട്ടും കരുതവേണ്ട " ആരുടെ മോഹം ? വ്യക്തമാക്കുക.

8. ഉള്ളുരുക്കം എന്ന കഥയിലെ പാത്തു കണ്ട സ്വപ്നം എന്തായിരുന്നു ?

9. "അവ വിരലുകളല്ല, അഞ്ച് തന്തുക്കളുള്ള ഒരു ഭീമൻ ചിലന്തിയാണെന്ന് സാക്ഷിക്ക് അനുഭവപ്പെടാൻ തുടങ്ങി" സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

10. "എന്റെ സ്നേഹം, സ്വാഭാവിക വളർച്ച മുരടിപ്പിച്ച ഒരു കുള്ളൻ അരയാൽ പോലെ" വിവക്ഷിതം വ്യക്തമാക്കുക.

11. "ഇവിടെ നിന്ന് ആടുകയും പാടുകയും ഒന്നും വേണ്ട. പതുക്കെപ്പറഞ്ഞാൽ മതി" സന്ദർഭം എഴുതുക.

12. "അഭയാർത്ഥികളുമായി ജീവിച്ചിട്ട് നീയും ഒരഭയാർത്ഥിയായിരിക്കുന്നു" ഇങ്ങനെ പറയാനിടയായ സാഹചര്യം എന്ത് ?

13. "ആ കർണ്ണാടകക്കാരി ഇത്രയും നന്നായി മലയാളം പറയുന്നതു കേട്ടപ്പോൾ അത്ഭുതം തോന്നി" സന്ദർഭം വിവരിക്കുക.

14. "കാലം മുന്നോട്ടു പോയപ്പോൾ തമ്മിൽ പ്രത്യേക ബന്ധമുണ്ടെന്ന് ഇരുവർക്കും തോന്നി " ആരെക്കുറിച്ചാണ് പരാമർശം ? വ്യക്തമാക്കുക.

15. "ഇത്രയും ഉയരം ഒരു പട്ടിണി ഉടലിനു തികച്ചും ശാപം തന്നെ എന്ന് അയാർക്ക് ബോദ്ധ്യം വന്നു " സൂചിതമെന്ത് ?

(10 × 3 = 30 marks)

## Section B

*Answer at least* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

16. "കഷ്ടമാഹന്ത ! കഷ്ടം ! പശ്യ പശ്യ ഹാ !
കഷ്ടമെന്തിങ്ങനെ വന്നതു ദൈവമേ !"
—ആരുടെ വാക്കുകൾ ? വിവക്ഷിതം എന്ത് ?

17. "വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ"
—വിമർശനത്തിന്റെ പൊരുൾ എന്ത് ?

18. "തന്റെ മകൾക്ക് ഭർത്താവായി വരുന്ന ആൾ എന്തെല്ലാം ഗുണങ്ങൾ ഉള്ളവനായിരിക്കണം എന്നാണ് ഭീഷ്മകൻ പറയുന്നത് ?

19. "ശരീരങ്ങൾ ബന്ധപ്പെട്ടു കഴിഞ്ഞാൽ ഉടൻ അസ്തമിക്കുക സ്നേഹത്തിന്റെ കതിരവനാണെന്ന് മുൻപേകൂട്ടി അറിയാതെ പോയി" സ്വാരസ്യം എഴുതുക.

20. "ഇതൊക്കെ കണ്ടിട്ട് ലോകത്തോടു പോലും വെറുപ്പു തോന്നുകയാണ് " സീത ഇങ്ങനെ പറയാൻ കാരണമെന്ത് ?

21. "അതു നുണയായിരുന്നു. നന്ദി കെട്ടവനേയെന്ന് എന്നെത്തന്നെ വിളിക്കാൻ തോന്നി" സന്ദർഭവും സാരസ്യവും എഴുതുക.

22. നാടൻ പാട്ടുകളുടെ പൊതു സവിശേഷതകൾ വിവരിക്കുക.

23. 'ഉള്ളുരുക്കം' എന്ന കഥയിൽ അവതരിപ്പിക്കുന്ന പ്രധാന വിഷയങ്ങളെപ്പറ്റി വിവരിക്കുക.

(5 × 6 = 30 marks)

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

24. കുഞ്ചൻ നമ്പ്യാരുടെ മനുഷ്യജ്ഞാനവും നിരീക്ഷണപാടവും പാഠ്യഭാഗത്തെ ആധാരമാക്കി വിവരിക്കുക.

25. ലക്ഷ്മണോപദേശത്തിൽ തെളിയുന്ന തത്ത്വവിചാരങ്ങൾ എന്തെല്ലാം ? വിവരിക്കുക.

26. മോതിരം എന്ന കഥയ്ക്ക് നിരൂപണം തയ്യാറാക്കുക.

27. ഡബിൾ ആക്ട് എന്ന കഥയിലെ സ്ത്രീകഥാപാത്ര ചിത്രീകരണത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.

(2 × 10 = 20 marks)

**D 73237** (Pages : 2) Name.................................

Reg. No.................................

Arts & Science College

## FIRST SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2019

(CBCSS–UG)

Malayalam

MAL 1A 07 (1)—MALAYALA SAHITHYAM – I

(2019 Admissions)

Time : Two Hours and a Half

Maximum : 80 Marks

### Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 25.

1. "മായാവിഹീനമീവണ്ണമുറപ്പിച്ചു
പോയാലുമെങ്കിൽ സുഖമായ് വരിക തേ"
—ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?
2. "ഇന്നിതു തോന്നുവാനെന്തൊരു കാരണം" തോന്നിയതെന്ത് ? വ്യക്തമാക്കുക.
3. "വല്ലവിമാരുടെ കണ്ണിനുമുള്ളിനും
ഉല്ലാസം നല്കിനാരല്ലൽ നീക്കി"
—എപ്രകാരമാണ് അല്ലൽ നീക്കിയത് ?
4. "ജീവനും കൂടാതെ കേവലം ഭൂമിയിൽ
പാവകൾ വീണു കിടക്കും പോലെ"
—സൂചിതം വ്യക്തമാക്കുക.
5. "വൃത്തിയും കെട്ടു ധൂർത്തരായെപ്പോഴും
അർത്ഥത്തെക്കൊതിച്ചെത്ര നശിക്കുന്നു !"
—കവി വിവക്ഷിതമെന്ത് ?
6. "കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കുമ്പോലെ ഗർദ്ദഭം"
—കല്പനയുടെ ഔചിത്യം എഴുതുക.
7. മാപ്പിളപ്പാട്ട് എന്നാലെന്ത് ?
8. നാടൻപാട്ടിന്റെ രണ്ട് പ്രത്യേകത എഴുതുക.
9. "അക്കിഴവച്ചാർക്കിന്നും പടകളിൽ
വക്കാണിപ്പാനൊരു കുറവില്ല"
—സാരസ്യം വ്യക്തമാക്കുക.

Turn over

10. “ഇന്നു മുതൽ നീ മൈഥിലി പരമാണിക് അല്ല. മൈഥിലി ഗരാമി ” ആരാണിങ്ങനെ പറഞ്ഞത് ?സന്ദർഭം വ്യക്തമാക്കുക.

11. “തെമ്മാടിത്തറവാട്ടില് ജനിച്ചോല്ലാ,

അല്ലാ, എന്റെ അവസ്ഥകൾ അറിയുന്നോർ ഉമൈ അല്ലോ”

—വക്താവാര് ? വിവക്ഷിക്കുന്നതെന്ത് ?

12. “ഒരുപക്ഷേ വീട്ടമ്മയുടെ ദുരന്തത്തിന് ഇദ്ദേഹവും ഒരു രേഖപ്പെടുത്താത്ത കാരണമാണ് ?’ സൂചിതം വ്യക്തമാക്കുക.

13. “നോക്ക്, സീതേ ഈ വേദാന്തമൊക്കെ വയസ്സുകാലത്തേ കൊള്ളാവൂ ”ആരുടെ വാക്കുകൾ ? ഏതു വേദാന്തത്തെപ്പറ്റിയാണ് പറയുന്നത് ?

14. തുള്ളൽ എന്ന കലാരൂപത്തിന്റെ വകഭേദങ്ങൾ ഏതെല്ലാം ? അവയുടെ പ്രത്യേകത എഴുതുക.

15. കാരൂർക്കഥകളെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ?

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 35.

16. “കുറ്റം കൂടാതുള്ള നരന്മാർ

കുറയും ഭൂമിയിലെന്നുടെ താത”

—ആരുടെ വാക്കുകൾ ? വിവക്ഷിതം എന്ത് ?

17. എഴുത്തച്ഛന്റെ കാവ്യഭാഷയുടെ പ്രത്യേകതകൾ പാഠ്യഭാഗത്തെ ആധാരമാക്കി വിവരിക്കുക.

18. നാടൻപാട്ടുകളിൽ പ്രകടമാകുന്ന കാവ്യസൗന്ദര്യത്തെപ്പറ്റി വിശദീകരിക്കുക.

19. ‘ഡബിൾ ആക്ട് ’എന്ന കഥയിൽ നിന്ന് വായിച്ചെടുക്കാവുന്ന സ്ത്രീപക്ഷനിലപാടെന്ത് ?

20. വനത്തിലേക്ക് പോകാൻ തയ്യാറായ രാമനോട് പൗരവാസികൾ പ്രതികരിച്ചതെങ്ങനെ ?

21. ഉണ്ണിയാർച്ചയെ അവിസ്മരണീയ കഥാപാത്രമാക്കുന്ന ഗുണവിശേഷങ്ങൾ എന്തൊക്കെ ?

22. കാരൂർക്കഥകളുടെ എന്തെല്ലാം പ്രത്യേകതകളാണ് ‘മോതിര’ത്തിൽ കാണാനാവുന്നത് ?

23. ‘ഉള്ളുരുക്കം’ എന്ന കഥയുടെ ഇതിവൃത്തം ചുരുക്കി എഴുതുക.

## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. കുഞ്ചൻനമ്പ്യാരുടെ ഹാസ്യാവിഷ്കരണത്തിന്റെ സവിശേഷതകൾ പാഠ്യഭാഗത്തെ ആധാരമാക്കി വിവരിക്കുക.

25. പുലിക്കോട്ടിൽ ഹൈദറുടെ പാട്ടുകൾ മാപ്പിളപ്പാട്ടിന്റെ പൊതുസ്വഭാവത്തിൽ നിന്ന വ്യതിചലിക്കുന്നുണ്ടോ ? വിലയിരുത്തുക.

26. രാച്ചിയമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്യുക.

27. ‘തന്തത്താഴ് ’ എന്ന കഥയുടെ ആഖ്യാനപരമായ പ്രത്യേകത വിവരിക്കുക.

(2 × 10 = 20 marks)